എ.വൈ.ആർ

സൂറഃ-9

# അത്തൗബ

وَءَاخَرُونَ ٱعْتَرَفُوا۟ بِذُنُوبِهِمْ خَلَطُوا۟ عَمَلًا صَـٰلِحًا وَءَاخَرَ سَيِّئًا
عَسَى ٱللَّهُ أَن يَتُوبَ عَلَيْهِمْ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٠٢﴾

**102.** കുറ്റം ഏറ്റുപറഞ്ഞ മറ്റൊരു കൂട്ടരുമുണ്ട്; അവർ സൽകർമങ്ങളും ദുഷ്കർമങ്ങളും കൂട്ടിക്കലർത്തി. അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കാം. തീർച്ചയായും ഏറെ പൊറുക്കുന്നവനും ദയാമയനും തന്നെയാണല്ലാഹു.

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَوٰتَكَ
سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾

**103.** നീ അവരുടെ ധനത്തിൽനിന്ന് അവരെ ശുദ്ധീകരിക്കുകയും വളർത്തുകയും ചെയ്യുന്ന ധർമം വസൂൽ ചെയ്യുക. അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. നിന്റെ പ്രാർഥന അവർക്കു സമാധാന ദായകമാകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

أَلَمْ يَعْلَمُوٓا۟ أَنَّ ٱللَّهَ هُوَ يَقْبَلُ ٱلتَّوْبَةَ عَنْ عِبَادِهِۦ وَيَأْخُذُ ٱلصَّدَقَـٰتِ
وَأَنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٠٤﴾

**104.** അല്ലാഹു തന്നെയാണ് അവന്റെ ദാസന്മാരുടെ പശ്ചാത്താപം സ്വീകരിക്കുന്നതും ദാനധർമങ്ങൾ കൈക്കൊള്ളുന്നതുമെന്നും, ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും പരമദയാലുവാണവനെന്നും ഇവർക്കറിഞ്ഞുകൂടെയോ?

അവരുടെ കുറ്റ(ം)ങ്ങൾ =بِذُنُوبِهِمْ അവർ സമ്മതിച്ചു(ഏറ്റുപറഞ്ഞു) = ٱعْتَرَفُوا۟ മറ്റൊരു കൂട്ടരും(ഉണ്ട്) =وَءَاخَرُونَ
തിന്മയെയും, ദുഷ്കർമത്തെയും =سَيِّئًا വേറെ =وَءَاخَرَ സൽകർമത്തെ(മങ്ങളെ) =عَمَلًا صَـٰلِحًا അവർ കൂട്ടിക്കലർത്തി =خَلَطُوا۟
അവരുടെ മേൽ =عَلَيْهِمْ അല്ലാഹു (പശ്ചാത്താപം സ്വീകരിക്കുമെന്ന്) മടങ്ങുമെന്ന് പ്രതീക്ഷിക്കാം =عَسَى ٱللَّهُ أَن يَتُوبَ
ദയാമയൻ(നും തന്നെ)ആകുന്നു =رَّحِيمٌ ഏറെ പൊറുക്കുന്ന(വനും) = غَفُورٌ നിശ്ചയം അല്ലാഹു =إِنَّ ٱللَّهَ
ധർമം, ദാനം =صَدَقَةً അവരുടെ ധനത്തിൽനിന്ന് =مِنْ أَمْوَٰلِهِمْ നീ പിടിച്ചെടുക്കുക, വസൂൽ ചെയ്യുക =خُذْ
അതുകൊണ്ട് =بِهَا നീ അവരെ വളർത്തുകയും ചെയ്യുന്നു(ന്ന) =وَتُزَكِّيهِم നീ അവരെ ശുദ്ധീകരിക്കുന്നു(ന്ന) =تُطَهِّرُهُمْ
സമാധാനം(നദായകം) ആകുന്നു =سَكَنٌ തീർച്ചയായും നിന്റെ പ്രാർഥന =إِنَّ صَلَوٰتَكَ അവർക്കുവേണ്ടി =عَلَيْهِمْ നീ പ്രാർഥിക്കുക =وَصَلِّ
എല്ലാം അറിയുന്ന(വനുമല്ലോ) =عَلِيمٌ അല്ലാഹു എല്ലാം കേൾക്കുന്നവൻ(നും) =وَٱللَّهُ سَمِيعٌ അവർക്ക് =لَّهُمْ
എന്തെന്നാൽ അല്ലാഹു തന്നെ(യാണ്) =أَنَّ ٱللَّهَ هُوَ അവർ അറിഞ്ഞിട്ടില്ലയോ (അറിഞ്ഞു കൂടെയോ) =أَلَمْ يَعْلَمُوٓا۟
അവന്റെ ദാസന്മാരിൽനിന്ന്(രുടെ) =عَنْ عِبَادِهِۦ പശ്ചാത്താപം സ്വീകരിക്കുന്നു(ന്നതും) =يَقْبَلُ ٱلتَّوْبَةَ
തീർച്ചയായും അല്ലാഹു ആണെന്നും = وَأَنَّ ٱللَّهَ هُوَ ദാനധർമങ്ങൾ =ٱلصَّدَقَـٰتِ എടുക്കുന്നതും (കൈക്കൊള്ളുന്നതും എന്നും) =وَيَأْخُذُ
പരമ ദയാലുവായ =ٱلرَّحِيمُ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവൻ =ٱلتَّوَّابُ

**102:** യഥാർഥ സത്യവിശ്വാസികളായ ചിലരും ന്യായമായ കാരണമില്ലാതെ തബൂക്ക് സമരയാത്രയിൽനിന്നു പിന്മാറിയിട്ടുണ്ടായിരുന്നു. അവരെക്കുറിച്ചാണ് ഈ സൂക്തം സംസാരിക്കുന്നത്. ഇക്കൂട്ടരെ പിന്മാറാൻ പ്രേരിപ്പിച്ചത് മുഖ്യമായും ആലസ്യവും ഭീരുത്വവും സാമ്പത്തിക താൽപര്യങ്ങളുമായിരുന്നു. ചൂടുകാലത്ത് ദുർഘടമായ സമരയാത്രക്കു പുറപ്പെടാൻ ചിലരെ ആലസ്യം അനുവദിച്ചില്ല. വേറെ ചിലർ റോമക്കാരുമായി ഏറ്റുമുട്ടാൻ പോയാൽ ആപത്തിലകപ്പെടുമെന്ന് പേടിച്ചു. മറ്റു ചിലർ വിളവെടുപ്പു കാലത്ത് അതൊക്കെ ഇട്ടെറിഞ്ഞ് തബൂക്കിലേക്ക് പോയാൽ വലിയ സാമ്പത്തിക നഷ്ടമുണ്ടാകുമെന്ന് ഭയന്നു.

ഇങ്ങനെ പിന്മാറിയവർ കപടവിശ്വാസികളെപോലെ തങ്ങളുടെ നടപടിയെ ന്യായീകരിക്കാൻ വ്യാജമായ ഒഴികഴിവുകൾ ഉന്നയിക്കുകയുണ്ടായില്ല. പ്രവാചകനും സംഘവും മദീനവിട്ട് ഏറെ കഴിയുന്നതിനു മുമ്പുതന്നെ ഇക്കൂട്ടരിൽ കടുത്ത കുറ്റബോധമുദിച്ചു. ത്വബൂക്ക് യാത്രാസംഘം തിരിച്ചെത്തുമ്പോഴേക്കും ചിലർ വളരെ ഖിന്നരായി കഴിഞ്ഞിരുന്നു. അവർ തങ്ങളുടെ വീഴ്ച പ്രവാചകനു മുമ്പിൽ കണ്ണീരോടെ ഏറ്റുപറഞ്ഞു. ചിലർ ആത്മപീഡനത്തിനുവരെ തയാറായി. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഇബ്നു മർദവൈഹിയും ഇബ്നു അബീഹാതിമും ഉദ്ധരിക്കുന്നു: നബി(സ) യുദ്ധത്തിനു പുറപ്പെട്ട സന്ദർഭത്തിൽ അബൂലുബാബ മറ്റ് അഞ്ചുപേരൊടൊപ്പം പിന്മാറിക്കളഞ്ഞു. പിന്നീട് അബൂലുബാബയും കൂടെയുണ്ടായിരുന്നവരിൽ രണ്ടു പേരും അതെക്കുറിച്ചാലോചിച്ചു ദുഃഖിച്ചു. ഒടുവിൽ അവർ തീരുമാനിച്ചു. നമുക്ക് മസ്ജിദുന്നബവിയുടെ തൂണുകളിൽ സ്വയം കെട്ടിയിടാം. നബി(സ) വന്ന് അഴിച്ചുവിടുന്നതുവരെ സ്വതന്ത്രരാവില്ലെന്നു പ്രതിജ്ഞയെടുക്കാം. അവ്വര പ്രകാരം ചെയ്തു. ബാക്കി മൂന്നുപേർ അങ്ങനെ ചെയ്തില്ല. പ്രവാചകൻ ത്വബൂക്കിൽനിന്ന് തിരിച്ചെത്തിയപ്പോൾ തൂണിൽ ബന്ധിതരായവരെ കണ്ട് കാര്യമെന്തെന്നന്വേഷിച്ചു. ഒരാൾ തിരുമേനിയെ ബോധിപ്പിച്ചു: "ഇത് അബൂലുബാബയും രണ്ടു കൂട്ടുകാരുമാണ്. അവർ ത്വബൂക്ക് യാത്രയിൽനിന്ന് പിന്മാറിയിരുന്നു. പിന്നീട് ഖേദിച്ച്, സ്വയം ബന്ധിതരായി പ്രതിജ്ഞ ചെയ്തു, പ്രവാചകൻ അഴിച്ചുവിടുന്നതുവരെ സ്വതന്ത്രരാവില്ലെന്ന്." നബി(സ) പറഞ്ഞു: "ഞാൻ കൽപിക്കപ്പെടുന്നതുവരെ അവരെ അഴിച്ചുവിടാൻ എനിക്കാവില്ല." ഈ സന്ദർഭത്തിൽ وَءَاخَرُونَ എന്നു തുടങ്ങുന്ന സൂക്തം അവതരിച്ചു. അപ്പോൾ നബി(സ) അവരെ അഴിച്ചുവിട്ടു. സ്വയം ബന്ധിതരാവാത്തവരെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അവരെ കുറിച്ചാണ് പിന്നീട് അല്ലാഹു وَءَاخَرُونَ مُرْجَوْنَ എന്നു തുടങ്ങുന്ന സൂക്തം അവതരിപ്പിച്ചത്.

ചില നിവേദനങ്ങളിൽ അബൂലുബാബയുടെ കൂടെ ഏഴു പേരുണ്ടായിരുന്നുവെന്നും ചില നിവേദനങ്ങളിൽ ഒമ്പതു പേരുണ്ടായിരുന്നുവെന്നും അവരിൽ ഏഴു പേരാണ് സ്വയം കെട്ടിയിട്ടതെന്നും പറയുന്നു. عَسَى ٱللَّهُ أَن يَتُوبَ عَلَيْهِمْ എന്നതിന്റെ ആശയം, അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം അഥവാ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കാം എന്നാണ്. അല്ലാഹു ഒരുകാര്യം പ്രതീക്ഷിക്കാം എന്ന് പറയുന്നത്, ആ കാര്യം സംഭവിക്കുമെന്ന് ഉറപ്പുനൽകുന്നതിനു തുല്യമാണ്. ഇക്കൂട്ടരുടെ കുറ്റസമ്മതം നിഷ്കളങ്കമായ തൗബയാണ്. ചെയ്തുപോയ തെറ്റിൽ ആത്മാർഥമായ ഖേദവും അതാവർത്തിക്കില്ലെന്ന പ്രതിജ്ഞയും പ്രായശ്ചിത്തം ചെയ്യാനുള്ള സന്നദ്ധതയുമുണ്ടതിൽ. കേവലമായ കുറ്റസമ്മതം തൗബയാവില്ല. മേൽപറഞ്ഞ ഘടകങ്ങൾ കൂടിച്ചേർന്ന കുറ്റസമ്മതമേ സ്വീകാര്യമായ തൗബയാകൂ. സ്വയം കെട്ടിയിടുകയും, ചില നിവേദനങ്ങൾപ്രകാരം ആഹാരമുപേക്ഷിക്കുകയും, ഇനി തങ്ങളുടെ ഭാവി പ്രവാചകന്റെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുകവഴി തങ്ങളുടെ തൗബയിൽ ആ ഘടകങ്ങളെല്ലാം ഉണ്ടെന്ന് അവർ തെളിയിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അല്ലാഹു അവരുടെ തൗബ സ്വീകരിക്കുന്നത്. ആത്മാർഥമായി തന്നിലേക്കു മടങ്ങുന്നവരുടെ എത്ര ഭയങ്കരമായ പാപങ്ങളും പൊറുത്തുകൊടുക്കുന്ന ദയാമയനാണല്ലാഹു.

خَلَطُوا۟ عَمَلًا صَٰلِحًا وَءَاخَرَ سَيِّئًا (അവർ സൽകർമങ്ങളും ദുഷ്കർമങ്ങളും കൂട്ടിക്കലർത്തി) എന്ന വാക്യം ഒരേ സമയം, കുറ്റം സമ്മതിച്ചവരുടെ കുറ്റം എന്താണെന്നും അവരെ തൗബ സ്വീകരിക്കപ്പെടുന്നതിനർഹരാക്കിയതെന്താണെന്നും വിശദീകരിക്കുകയാണ്. ഒരാൾ കുറെ നന്മകൾ ചെയ്തിട്ടുണ്ട് എന്നതുകൊണ്ട് അയാൾ ചെയ്യുന്ന തിന്മ തിന്മയല്ലാതാകുന്നില്ല. കുറ്റങ്ങൾ ശിക്ഷാർഹമല്ലാതാകുന്നുമില്ല. ഇവിടെ സൂചിപ്പിക്കപ്പെടുന്ന കുറ്റം സമ്മതിച്ചവരിൽ പലരും മുഹമ്മദീയ പ്രവാചകത്വത്തിന്റെ ആദ്യനാളുകളിൽ തന്നെ സത്യവിശ്വാസം കൈക്കൊണ്ടവരും ഇസ്ലാമിനുവേണ്ടി വമ്പിച്ച സേവനങ്ങൾ അർപ്പിച്ചിട്ടുള്ളവരും ബദ്ർ, ഉഹ്ദ് തുടങ്ങിയ നിർണായക യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുള്ളവരുമാണ്. ത്വബൂക്ക് സമരയാത്രയിൽനിന്ന് അകാരണമായി മാറിനിന്നു എന്നല്ലാതെ വേറെ പാപകർമങ്ങളൊന്നും അവരുടെ പേരിൽ ആരോപിക്കപ്പെട്ടിട്ടില്ല. ദീനിന്റെ കൽപനക്കു വിപരീതം പ്രവർത്തിക്കുന്നതു മാത്രമല്ല, കൽപന അനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതും കുറ്റകരമാണ്. ഖുർആൻ പുറപ്പെടുവിൻ -ٱنفِرُوا۟- എന്നാജ്ഞാപിച്ചപ്പോൾ പുറപ്പെടാതിരുന്നത്, അതുവരെ ചെയ്ത സൽകർമങ്ങളിൽ കൂട്ടിക്കലർത്തിയ ഒരു ദുഷ്കർമമായിത്തീർന്നു. എങ്കിലും അവരുടേത് കാപട്യമല്ല. ഇനി കാപട്യമാണെങ്കിൽ തന്നെ അതിൽ ശഠിച്ചു നിൽക്കുന്നവർ -مَرَدُوا۟ عَلَى ٱلنِّفَاقِ- ഏതായാലുമല്ല. സ്വന്തം സൽകർമങ്ങളിൽ ഒരൽപം ദുഷ്കർമം കലർത്തുകയായിരുന്നു അവർ. അതിലവർക്ക് അതിയായ ഖേദവും ലജ്ജയുമുണ്ട്. നിഷ്കളങ്കമായ ഈ ഖേദവും പശ്ചാത്താപവും അവരുടെ കർമത്തിൽ കലർന്ന ദുഷ്ടിനെ കഴുകിക്കളയുന്നതാണ്.

**103:** ഈ സൂക്തത്തിൽ അവരുടെ മുതലുകൾ -أَمْوَٰلِهِمْ- എന്നു പറഞ്ഞതിലെ 'അവർ' ആരാണെന്നും 'ധർമം' -صَدَقَةً- ഏതാണെന്നും നിർണയിക്കുന്നതിൽ പണ്ഡിതന്മാർ ഭിന്നിച്ചിരിക്കുന്നു. മുൻ സൂക്തത്തിൽ പരാമർശിക്കപ്പെട്ട, കുറ്റം സമ്മതിച്ചു പശ്ചാത്തപിച്ചവരാണ് 'അവർ' എന്ന് ഒരു വിഭാഗം വാദിച്ചു. ചെയ്ത തെറ്റിനു പ്രായശ്ചിത്തമായി ഒടുക്കേണ്ട പിഴയാണ് അവരുടെ ദൃഷ്ടിയിൽ ഇവിടെ പരാമർശിക്കുന്ന 'ധർമം' -صَدَقَةً-. ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്ന ഒരു നിവേദനം ഇബ്നു ജരീർ ഉദ്ധരിക്കുന്നുണ്ട്. ഇബ്നു അബ്ബാസ് പറയുന്നു: കുറ്റം സമ്മതിച്ച് പള്ളിയുടെ തൂണിൽ സ്വയം കെട്ടിയിട്ട അബൂലുബാബയുടെയും കൂട്ടുകാരുടെയും തൗബ അല്ലാഹു സ്വീകരിക്കുകയും പ്രവാചകൻ അവരെ സ്വതന്ത്രരാക്കുകയും ചെയ്തപ്പോൾ അവർ പോയി തങ്ങളുടെ ധനവുമായി പ്രവാചകന്റെ അടുത്തു വന്ന് അറിയിച്ചു: "ദൈവദൂതരേ, ഞങ്ങൾ സമരയാത്രയിൽനിന്ന് പിന്മാറാൻ കാരണമായിത്തീർന്ന മുതലുകൾ ഇതാ. അങ്ങ് അതെടുത്ത് ദാനം ചെയ്ത് ഞങ്ങളുടെ പാപമോചനത്തിനു വേണ്ടി പ്രാർഥിച്ചാലും" നബി(സ) പറഞ്ഞു: "നിങ്ങളോട് ധനം വല്ലതും സ്വീകരിക്കാൻ ഞാൻ കൽപിക്കപ്പെട്ടിട്ടില്ലല്ലോ." ഈ സന്ദർഭത്തിൽ خُذْ مِنْ أَمْوَٰلِهِمْ എന്നു തുടങ്ങുന്ന സൂക്തം അവതരിച്ചു. അപ്പോൾ പ്രവാചകൻ അവരുടെ ധനത്തിൽനിന്ന് മൂന്നിലൊന്ന് സ്വീകരിച്ചു. അവരിൽനിന്നുണ്ടായ തെറ്റിനു പ്രായശ്ചിത്തമായിരുന്നു അതെന്ന് ഹസൻ ബസ്വരി പ്രസ്താവിച്ചിരിക്കുന്നു. 'അവർ' എല്ലാ വിശ്വാസികളും, 'ധർമം' സകാത്തുമാണെന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

പ്രായശ്ചിത്തം ചെയ്യേണ്ട കാര്യങ്ങൾ ഖുർആൻ പല സ്ഥലങ്ങളിലായി വിവരിച്ചിട്ടുണ്ട്. എന്താണ് പ്രായശ്ചിത്തമായി ചെയ്യേണ്ടതെന്നും കൃത്യമായി പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ തൗബ ഇല്ല. ഈ സൂക്തം അവതരിക്കുന്നതിനു മുമ്പും ശേഷവുമൊക്കെ പല വിശ്വാസികളും പ്രവാചകന്റെ മുമ്പിൽവന്ന് കുറ്റങ്ങൾ ഏറ്റുപറഞ്ഞ് തൗബ ചെയ്യാറുണ്ടായിരുന്നു. അവരിൽനിന്നൊന്നും പ്രവാചകൻ എന്തെങ്കിലും പ്രായശ്ചിത്തം -كَفَّارَةٌ- വസൂൽ ചെയ്തതായി തെളിവില്ല. ഇമാം ജസ്സ്വാസ് പറയുന്നു: "ഇവി

ടെ ഉദ്ദേശ്യം നിർബന്ധമായ സകാത്താണ് എന്നതാണ് ശരി. എന്തുകൊണ്ടെന്നാൽ, മറ്റു ജനങ്ങൾക്കൊന്നുമില്ലാതെ ഇക്കൂട്ടർക്കായി സകാത്തല്ലാത്ത ഒരു ദാനം അല്ലാഹു നിർബന്ധമാക്കിയിട്ടുള്ളതായി സ്ഥിരപ്പെട്ടിട്ടില്ല. അപ്രകാരം സ്ഥിരപ്പെട്ടിട്ടില്ലാത്തതിനാൽ ആരാധനകളിലും വിധികളിലും അവരും മറ്റുള്ളവരും തുല്യരാണെന്നും അവർക്ക് മറ്റുള്ളവർക്കില്ലാത്ത പ്രത്യേകതയില്ലെന്നും വ്യക്തമാകുന്നു.... എല്ലാ ജനത്തിന്റെയും മുതലുകളിലാവട്ടെ സകാത്തല്ലാത്ത നിർബന്ധ ബാധ്യതയില്ലതാനും."

'അതുവഴി നീ അവരെ ശുദ്ധീകരിക്കുകയും വളർത്തുകയും ചെയ്യുന്ന' -تُطَهِّرُهُمْ وَتُزَكِّيهِم بِهَا - എന്ന വിശേഷണവും ഇവിടെ പരാമർശിക്കുന്ന 'ധർമം' നിർബന്ധ സകാത്താണ് എന്നു സൂചിപ്പിക്കുന്നതായി പണ്ഡിതന്മാർ കരുതുന്നു. ശുദ്ധീകരണവും വികസനവും എല്ലാ മനുഷ്യർക്കും ആവശ്യമുള്ളതാണ്. നിർബന്ധ ദാനത്തിന് 'സകാത്ത്' എന്ന പേരുവന്നതുതന്നെ അത് മനുഷ്യരിൽ സംസ്കരണം ഉണ്ടാക്കുന്ന കാര്യമായതുകൊണ്ടാണല്ലോ. എല്ലാവരിലും തത്ഹീറും തസ്കിയത്തും (ശുദ്ധീകരണവും സംസ്കരണവും) ഉണ്ടാക്കുന്ന ദാനമാണ് നിർബന്ധ സകാത്ത്. تطهير-ൽ മികച്ചു നിൽക്കുന്ന ആശയം ആന്തരികവും ബാഹ്യവുമായ മാലിന്യങ്ങളിൽനിന്നുള്ള ശുദ്ധീകരണമാണ്. تزكية ന്റെ ആശയത്തിൽ ഈ ശുദ്ധീകരണത്തോടൊപ്പം സദ്ഗുണങ്ങളുടെയും യോഗ്യതകളുടെയും ധാർമിക നന്മകളുടെയും വളർച്ചയും വികാസവും കൂടി ഉൾപ്പെടുന്നു. സകാത്ത് ഒരു വശത്ത് ദാതാവിന്റെ മനസ്സിൽനിന്ന് ലുബ്ധ്, ആർത്തി, സ്വാർഥത തുടങ്ങിയ ദുർഗുണങ്ങളെ ക്ഷയിപ്പിക്കുമ്പോൾ മറുവശത്ത് ഉദാരത, സ്നേഹം, പരോപകാരതാൽപര്യം തുടങ്ങിയ സദ്ഗുണങ്ങളെ വളർത്തുകയും ചെയ്യുന്നു. ഇനിയൊരുവശത്ത്, ഗുണഭോക്താക്കളായ പാവങ്ങളുടെ പട്ടിണിക്കും യാതനകൾക്കും ശമനം വരുത്തുകയും അവരിൽ സമ്പന്നരോടുള്ള വിരോധവും വെറുപ്പും തുടച്ചുമാറ്റുകയും തൽസ്ഥാനത്ത് സാഹോദര്യവും ഗുണകാംക്ഷയും വളർത്തുകയും ചെയ്യുന്നു.

നിർബന്ധ സകാത്തിനെക്കുറിച്ചുള്ള സുപ്രധാനവിധി ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നതിന്റെ ഔചിത്യമെന്ത് എന്ന സന്ദേഹത്തിന് ഫുഖഹാക്കൾ നൽകുന്ന വിശദീകരണം ഇതാണ്. ഇവിടെ പറയുന്ന കുറ്റംസമ്മതിച്ചവർ ആ കുറ്റത്തിലകപ്പെടാനുണ്ടായ മുഖ്യകാരണം ധനത്തോടുള്ള അമിത പ്രേമവും അതു ചെലവായിപ്പോകുന്നതിലുള്ള മനഃക്ലേശവുമാണ്. അതിനാൽ ഖുർആൻ അതേപ്പറ്റി അവരെ ഓർമിപ്പിക്കുകയും മറ്റുള്ളവരിൽ നിന്നെന്നപോലെ അവരിൽനിന്നും സകാത്തു വസൂൽ ചെയ്യാൻ പ്രവാചകനോടു കൽപിക്കുകയുമാണ്. നിങ്ങളുടെ തൗബയുടെ ആത്മാർഥത തെളിയുക, നിങ്ങൾ കൃത്യമായി സകാത്തു നൽകുമ്പോഴാണ് എന്നുപറയുംപോലെയാണിത്. പ്രവർത്തിക്കാത്ത വാക്കിന് അർഥമില്ലല്ലോ. പരീക്ഷണ വേളയിലാണ് വ്യക്തിയുടെ ഔന്നത്യവും അധമത്വവും വെളിപ്പെടുക. പാപത്തിൽനിന്നു പശ്ചാത്തപിക്കുന്നവർ സന്മനസ്സോടെ സകാത്ത് നൽകുന്നുണ്ടെങ്കിൽ പശ്ചാത്താപം സത്യസന്ധമാണെന്ന് മനസ്സിലാക്കാം. ഇല്ലെങ്കിൽ അവരുടെ പശ്ചാത്താപവും ഒരു കപടനാട്യമാകുന്നു.

خُذْ (നീ പിടിച്ചെടുക്കുക) എന്ന കൽപന അടിസ്ഥാനപരമായ രണ്ടു സംഗതികളെ സൂചിപ്പിക്കുന്നുണ്ട്. ഒന്ന്, സകാത്ത് ശേഖരിക്കാൻ മുസ്‌ലിംകളുടെ ഇമാമിന് (സർക്കാറിന്) നിയമപരമായ ബാധ്യതയുണ്ട്. രണ്ട്, സകാത്ത് ശേഖരിക്കേണ്ടത് ഇമാം (സർക്കാർ) ആണ്. വിശ്വാസികളുടെ നായകൻ എന്ന നിലയിലാണ് പ്രവാചകൻ ഇതു കൽപിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകൻ നിയോഗിച്ച അധികാരികൾക്കും പ്രവാചകനുശേഷം മുസ്‌ലിംകളുടെ ഇമാമായിവരുന്നവർക്കും ഈ കൽപന ബാധകമാകുന്നു. അതുകൊണ്ടാണ് പ്രവാചകന്റെ കാലശേഷം ചില അറേബ്യൻ ഗോത്രങ്ങൾ സകാത്ത് നിഷേധിച്ചപ്പോൾ അബൂബക്കർ സ്വിദ്ദീഖും മറ്റു പ്രവാചക ശിഷ്യന്മാരും അവർക്കെതിരെ സൈനികനടപടി കൈക്കൊണ്ടത്. "പ്രവാചകന്റെ കാലത്ത് അവർ നൽകിയിരുന്ന ഒരൊട്ടക കയർ എനിക്കു വിലക്കിയാൽ അതിന്റെപേരിലും ഞാനവരോട് യുദ്ധം ചെയ്യും" എന്നാണ് ഖലീഫ അബൂബക്കർ സ്വിദ്ദീഖ് അതെപ്പറ്റി പറഞ്ഞത്.

സകാത്ത് ശേഖരിക്കാനും വിതരണം ചെയ്യാനും നിയമപരമായി ബാധ്യതയുള്ള സർക്കാർ ഇല്ലെങ്കിൽ, അല്ലെങ്കിൽ സർക്കാർ ആ ബാധ്യത ഏറ്റെടുക്കുന്നില്ലെങ്കിൽ വ്യക്തികളോ സംഘങ്ങളോ അനൗപചാരികമായി ആ ദൗത്യം ഏറ്റെടുക്കേണ്ടതാണ്. നമസ്കാരം പോലെ സാമൂഹികമാനമുള്ള ഇബാദത്താണ് സകാത്ത്. നാട്ടിൽ പള്ളികൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും, ഇമാമിനെയും ഖത്വീബിനെയും നിശ്ചയിക്കേണ്ടതും അടിസ്ഥാനപരമായി ഇസ്‌ലാമിക ഗവൺമെന്റാണ്. അത്തരം സർക്കാറുകൾ ഇല്ലാത്ത സാഹചര്യത്തിൽ സ്വന്തം നിലയിൽ പള്ളികൾ നിർമിക്കുകയും ജുമുഅ ജമാഅത്തുകൾ ഏർപ്പെടുത്തുകയും ചെയ്യണം. അങ്ങനെയാണ് മിക്ക നാടുകളിലും, മുസ്‌ലിം ന്യൂനപക്ഷ നാടുകളിൽ വിശേഷിച്ചും പള്ളികൾ നടന്നുവരുന്നത്. ഇതുതന്നെയാണ് സകാത്തിന്റെയും വിധി. എന്നാൽ സംഘടിതമായോ അല്ലാതെയോ ഗവൺമെന്റേതര ഏജൻസികൾ സകാത്ത് ശേഖരിക്കാനോ വിതരണം ചെയ്യാനോ പാടില്ല എന്നാണ് കേരളത്തിലെ യാഥാസ്ഥിതിക മതസംഘടനകളുടെ നിലപാട്. മതനവോത്ഥാന പ്രസ്ഥാനങ്ങൾ അവരുടെ കഴിവനുസരിച്ച് സംഘടിത സകാത്ത് ശേഖരണ വിതരണ സംരംഭങ്ങൾ നടത്തുന്നുണ്ട്. അതിന്റെ വിജയം സംഘടിത സകാത്ത് ശേഖരണത്തെ എതിർക്കുന്നവരെയും മന്ദഗതിയിലാണെങ്കിലും മാറിച്ചിന്തിക്കാൻ നിർബന്ധിതരാക്കിയിരിക്കുന്നു.

ഈ സൂക്തത്തിലെ أموال (മുതലുകൾ) എന്ന പദപ്രയോഗവും ശ്രദ്ധേയമാണ്. 'മുതൽ' എന്ന സംജ്ഞ സാധുവാകുന്ന എല്ലാം സകാത്തു ബാധകമാകുന്ന ധനത്തിൽപെടുന്നു. പ്രവാചകൻ സകാത്തിൽനിന്നൊഴിവാക്കിയവ മാത്രമേ അതിൽ നിന്നൊഴിവാകൂ. കാർഷിക വിളകൾ, കാലികൾ, സ്വർണം, വെള്ളി തുടങ്ങിയവക്കെല്ലാം നബി(സ) സകാത്ത് ബാധകമാകുന്ന അളവും -نصاب- സകാത്തിന്റെ നിരക്കും -قدر- നിശ്ചയിച്ചിട്ടുണ്ട്. പ്രവാചകൻ(സ) സകാത്ത് പിരിച്ചിരുന്നത് സ്വാഭാവികമായും അറേബ്യയിൽ സുലഭമായ കാർഷിക വിളകൾക്കും കാലികൾക്കും സ്വർണം, വെള്ളി തുടങ്ങിയ നാണയലോഹങ്ങൾക്കുമായിരുന്നു. അതിനർഥം പ്രവാചകൻ(സ) അളവും നിരക്കും നിശ്ചയിച്ച വസ്തുക്കൾക്കോ അതിനു തുല്യമായ വസ്തുക്കൾക്കോ മാത്രമേ സകാത്തുള്ളൂ എന്നല്ല. പക്ഷേ അങ്ങനെ ചിലർ മനസ്സിലാക്കിയിട്ടുണ്ട്. സകാത്തു വ്യവസ്ഥ അതിന്റെ ലക്ഷ്യത്തിനുതകാത്ത വണ്ണം ഏതാനും ചില വിഭവങ്ങളിലേക്ക് വെട്ടിച്ചുരുക്കപ്പെടുകയാണ് അതുവഴി സംഭവിക്കുന്നത്. ഖുർആനിലെ أموال എന്ന പദത്തിന്റെ വിശാലമായ അർഥത്തെ ഈവിധം ന്യൂനീകരിക്കുന്നത് ഖുർആനിനു നേരെയുള്ള അതിക്രമമാണ്.

കപടവിശ്വാസികൾക്കുവേണ്ടി പ്രവാചകൻ മയ്യിത്തു നമസ്കരിക്കുകയോ അവരുടെ ഖബറിന്നടുത്തു ചെന്ന് പ്രാർഥിക്കുകയോ ചെയ്യുന്നത് മുൻസൂക്തത്തിൽ വിലക്കിയിട്ടുണ്ടല്ലോ. അവരുടെ പാപമോചനത്തിനായി പ്രാർഥിക്കുന്നത് നിഷ്ഫലമാണെന്നും ഉണർത്തിയിരുന്നു. ചില കപടന്മാരിൽനിന്ന് പ്രവാചകൻ(സ) സകാത്തു സ്വീകരിക്കുകവരെ ചെയ്തില്ല. എന്നാൽ കുറ്റം സമ്മതിച്ചു തൗബ ചെയ്ത വിശ്വാസികളുടെ കാര്യത്തിൽ

ഈ വിലക്കുകളൊന്നുമില്ലെന്ന ഉണർത്തൽ കൂടി ഈ സൂക്തത്തിലുണ്ട്. അത്തരക്കാരിൽനിന്ന് സകാത്ത് സ്വീകരിക്കാം -خُذْ مِنْ أَمْوَالِهِمْ صَدَقَةً. അവർക്കുവേണ്ടി പ്രാർഥിക്കാം. صَلِّ عَلَيْهِمْ എന്നാണ് മൂലവാക്ക്. ഇതിൽ സാധാരണ പ്രാർഥനയും മയ്യിത്തു നമസ്കാരവും -صلوة الجنازة- ഉൾപ്പെടുന്നു. പ്രവാചകന്റെ അത്തരം പ്രാർഥനകൾ സ്വീകരിച്ച് അല്ലാഹു പാപങ്ങൾ പൊറുത്തുതരുമെന്ന് അവർക്ക് സമാധാനിക്കാം.

സകാത്തു മുതലുകളുമായി നബി(സ)യുടെ അടുത്തുവരുന്ന വിശ്വാസികളുടെ ഭൗതിക സൗഭാഗ്യങ്ങൾ വർധിക്കാനും പാപങ്ങൾ പൊറുക്കപ്പെടാനും അദ്ദേഹം പ്രാർഥിക്കാറുണ്ടായിരുന്നതായി ഹദീസുകളിൽ പറയുന്നുണ്ട്. എങ്കിലും സകാത്തു നൽകുന്നവർക്കുവേണ്ടി ഇമാമോ സകാത്തിന്റെ ഗുണഭോക്താക്കളോ പ്രാർഥിക്കുക ഒരു നിർബന്ധ ബാധ്യതയല്ല. ഒരു ധാർമിക നടപടി, അല്ലെങ്കിൽ ഐച്ഛികമായ നന്മ എന്ന നിലപാടാണതിനുള്ളത്. ളാഹിരികൾ ഒഴിച്ചുള്ള ഫുഖഹാക്കളെല്ലാം ഈ അഭിപ്രായക്കാരാണ്. خُذْ (പിടിച്ചെടുക്കുക) എന്ന കൽപന പോലെ തന്നെ നിർബന്ധമായി അനുസരിക്കപ്പെടേണ്ട കൽപനയാണ് صَلِّ (പ്രാർഥിക്കുക) എന്ന കൽപനയും എന്നാണവരുടെ നിലപാട്. പ്രവാചകൻ(സ) സകാത്ത് ശേഖരിക്കാൻ നിയോഗിച്ചിരുന്ന പ്രതിനിധികളോട് ദാതാക്കൾക്കുവേണ്ടി പ്രാർഥിക്കാൻ കൽപിച്ചിരുന്നില്ല എന്നതാണ് പ്രാർഥന നിർബന്ധമില്ല എന്ന് വാദിക്കുന്നവരുടെ തെളിവ്. സകാത്ത് പിരിക്കുന്നതുപോലെ തന്നെ നിർബന്ധമായിരുന്നു പ്രാർഥനയെങ്കിൽ നബി(സ) അത് കൽപിക്കാതിരിക്കില്ലായിരുന്നു.

ഈ സൂക്തത്തിൽ പ്രകാശിതമാകുന്ന ഒരു യാഥാർഥ്യം, കാപട്യ രോഗത്തിനുള്ള ഏറ്റവും നല്ല ഔഷധം ദൈവികമാർഗത്തിലുള്ള ധനവ്യയമാകുന്നു എന്നതാണ്. ഭൗതിക വിഭവങ്ങളോടുള്ള അമിത പ്രേമത്തിൽ നിന്നുളവാകുന്ന ദോഷങ്ങളുടെ സമുച്ചയത്തിന്റെ പേരാണ് نفاق അഥവാ കാപട്യം. അതിന്റെ വേരറുക്കുന്ന ഔഷധമാണ് إنفاق (ദാനധർമങ്ങൾ). إنفاق ഒരു വശത്ത് ലോഭത്തെയും സ്വാർഥതയെയും ക്ഷയിപ്പിക്കുകയും മറുവശത്ത് ഔദാര്യത്തെയും പരാർഥതയെയും വളർത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ധനവ്യയം ചെയ്യുന്നവർ അല്ലാഹുവിനോടും റസൂലിനോടും ഔദാര്യം ചെയ്യുകയല്ല, പ്രത്യുത അല്ലാഹുവും റസൂലും അവരോട് ഔദാര്യം ചെയ്യുകയാണ് എന്നതത്രെ മറ്റൊരു യാഥാർഥ്യം. إنفاق നെ അല്ലാഹു സ്വീകരിക്കുന്നതിലൂടെ ലഭ്യമാകുന്ന ശുദ്ധീകരണവും വികാസവും ആവശ്യമുള്ളത് അല്ലാഹുവിനല്ല, إنفاق ചെയ്യുന്നവർക്കു തന്നെയാണ്.

**104:** കുറ്റം സമ്മതിച്ചവരെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും(തർബിയത്ത്) ചെയ്യുന്നതിന്റെ തുടക്കമായി അവരിൽനിന്ന് സകാത്ത് വസൂൽ ചെയ്യാൻ മുൻ സൂക്തത്തിൽ പ്രവാചകനോട് ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. തൗബയിലും ധനവ്യയത്തിലും ഏർപ്പെട്ട് സുശിക്ഷിതരാവാൻ അവരെ നേരിട്ട് പ്രേരിപ്പിക്കുകയാണ് ഈ സൂക്തം. അവർക്കറിഞ്ഞുകൂടേ -أَلَمْ يَعْلَمُوٓا۟- എന്ന ചോദ്യത്തിന്റെ താൽപര്യം വിവരാന്വേഷണമല്ല, അവർക്കത് ശരിക്കും അറിയാം എന്ന സ്ഥിരീകരണമാണ്. അതായത്, അല്ലാഹുവാണ് ദാസന്മാരുടെ പശ്ചാത്താപം അംഗീകരിക്കുന്നതും ദാനധർമങ്ങൾ സ്വീകരിക്കുന്നതുമെന്നും ഏറെ പൊറുക്കുന്നവനും പരമദയാലുവുമാണവനെന്നും നിങ്ങൾക്ക് നന്നായറിയാമല്ലോ. അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കാംക്ഷിക്കുന്നവർ അവൻ ഇഷ്ടപ്പെടുന്ന കർമങ്ങൾ അധികമധികം ചെയ്തുകൊണ്ടിരിക്കണം. ആത്മസംസ്കരണപരമായ കാര്യങ്ങൾ വല്ലപ്പോഴും മാത്രം ചെയ്യേണ്ടതല്ല, നിരന്തരം അനുഷ്ഠിച്ചുകൊണ്ടിരിക്കേണ്ടതാണെന്നു കൂടി ഈ സൂക്തം ധ്വനിപ്പിക്കുന്നുണ്ട്. മറ്റൊരാശയം, കുറ്റം സമ്മതിച്ചു പശ്ചാത്തപിക്കുന്നതിലും ദാനധർമങ്ങളനുഷ്ഠിച്ച് സ്വയം ശുദ്ധീകരിക്കുന്നതിലും അവർ ഒട്ടും അമാന്തിക്കേണ്ട എന്നാണ്. പശ്ചാത്തപിക്കുന്നത് വിശ്വാസികളുടെയും പ്രവാചകന്റെയും മുന്നിലാണെങ്കിലും യഥാർഥത്തിൽ അതു കേൾക്കുകയും കൈക്കൊള്ളുകയും ചെയ്യുന്നത് അല്ലാഹുവാണ്. സകാത്ത് കൊടുക്കുന്നത് അതിന്റെ അവകാശികളായി നിശ്ചയിക്കപ്പെട്ടവർക്കാണെങ്കിലും യഥാർഥത്തിൽ അതു സ്വീകരിക്കുന്നത് അല്ലാഹുവാണ്. ദാസന്മാരുടെ പശ്ചാത്താപം ഏറെ അംഗീകരിക്കുന്ന ദയാപരനാണ് അല്ലാഹു. ഇബ്നു മസ്ഊദ് പ്രസ്താവിച്ചതായി ത്വബ്റാനിയും അബൂഹാതിമും ഉദ്ധരിക്കുന്നു: "ഏതൊരാളും ചെയ്യുന്ന ദാനം ആവശ്യക്കാരന്റെ കൈയിലെത്തുന്നതിനുമുമ്പ് അല്ലാഹുവിന്റെ കൈയിലെത്താതിരിക്കുന്നില്ല." തുടർന്നദ്ദേഹം .....أَلَمْ يَعْلَمُوٓا۟ എന്ന ഈ സൂക്തം ഓതി. നബി(സ) പ്രസ്താവിച്ചതായി ഇബ്നു അബ്ബാസിൽനിന്ന് ദാറഖുത്നി ഉദ്ധരിക്കുന്നു: "ദാനധർമങ്ങൾ ചെയ്യുവിൻ. നിങ്ങളിലൊരാൾ ഒരു പിടി അന്നം അല്ലെങ്കിൽ ഒരു വസ്തു ദാനം ചെയ്യുമ്പോൾ, അത് ചോദിക്കുന്നവന്റെ കൈകളിലെത്തുന്നതിനു മുമ്പ് അല്ലാഹുവിന്റെ കരത്തിലെത്തുന്നുണ്ട്." തുടർന്നവിടുന്ന് .....أَلَمْ يَعْلَمُوٓا۟ എന്ന ഈ സൂക്തം ഓതിയിട്ടു പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ അല്ലെങ്കിൽ ഒട്ടകക്കുട്ടിയെ വളർത്തുന്നതുപോലെ അല്ലാഹു അതിനെ വളർത്തുന്നു. എന്നിട്ട് അന്ത്യനാളിൽ അത് ദായകനുതന്നെ തിരിച്ചുകൊടുക്കുന്നു." ■